# പതിനാലാം കേരള നിയമസഭ

## പതിമൂന്നാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ.997** **30.11.2018 ലെ മറുപടി**

## പട്ടാമ്പി മണ്ഡലത്തിലെ ചെറുകിട ജലസേചന പദ്ധതികളിലെ പമ്പ് ഓപ്പറേറ്റർമാരുടെ നിയമനം

| ചോദ്യം | | മറുപടി | |
|---|---|---|---|
| **ശ്രീ.മുഹമ്മദ് മുഹസിൻ പി.** | | **കെ. കൃഷ്ണൻകുട്ടി**<br>**(ജലവിഭവ വകുപ്പുമന്ത്രി)** | |
| (എ) | പട്ടാമ്പി മണ്ഡലത്തിലുള്ള ഏഴോളം ചെറുകിട ജലസേചന പദ്ധതികളിൽ പമ്പുകൾ പ്രവർത്തിപ്പിക്കുന്നതിനുള്ള ഉദ്യോഗസ്ഥ സംവിധാനം എന്താണെന്ന് വ്യക്തമാക്കാമോ; | (എ) | ചെറുകിട ജലസേചന പദ്ധതികളിൽ പമ്പുസെറ്റുകൾ പ്രവർത്തിപ്പിക്കുന്നതിന് വർക്കർ ഗ്രേഡ് 1/II, എസ്.എൽ.ആർ/സി.എൽ.ആർ ജീവനക്കാർ ഉൾപ്പെട്ട ഉദ്യോഗസ്ഥ സംവിധാനമാണ് നിലവിലുള്ളത്. |
| (ബി) | പമ്പ്ഓപ്പറേറ്റർമാരുടെ സ്ഥിര നിയമനത്തിനു സാദ്ധ്യത ഇല്ലെങ്കിൽ ഓപ്പറേറ്റർമാരെ താത്കാലിക അടിസ്ഥാനത്തിൽ നിയമിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ; | (ബി) | ജലസേചനവകുപ്പിൽ നിലവിൽ HR/SLR/Worker Gr II വിഭാഗത്തിൽപ്പെട്ട ജീവനക്കാരാണ് പമ്പ് ഓപ്പറേറ്ററുടെ ജോലിയും ചെയ്തു വരുന്നത്. 09.06.2014 ലെ ജി.ഒ(എം.എസ്) 45/14/ജവിവ നമ്പർ ഉത്തരവ് പ്രകാരം (അനുബന്ധമായി ചേർത്തിരിക്കുന്നു.) ജലസേചന വകുപ്പിൽ കാഷ്വൽ ലേബേഴ്സിനെ ആവശ്യമുള്ള പക്ഷം താത്കാലികാടിസ്ഥാനത്തിൽ സർക്കാരിന്റെ മുൻകൂർ അനുമതിയോടെ എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖേന നിയമിക്കേണ്ടതാണ് എന്നുള്ള നിർദ്ദേശം നൽകിയിട്ടുണ്ട്. |
| (സി) | രണ്ടാം വിള നെൽകൃഷിയ്ക്കു ജലസേചനം അത്യാവശ്യമായതിനാൽ പമ്പ് ഓപ്പ-റേറ്റർമാരുടെ നിയമനം ഈ വർഷത്തിൽ എത്രയും വേഗം നടത്തുന്നതിനും, വരും വർഷങ്ങളിൽ മുൻകൂട്ടിതന്നെ നിയമനം നടത്തുന്നതിനുമുള്ള നടപടികൾ സ്വീകരിക്കുമോ? | (സി) | നടപടികൾ സ്വീകരിച്ചു വരുന്നു. |

**സെക്ഷൻ ഓഫീസർ**

അനുബന്ധം

16

കേരള സർക്കാർ

സംഗ്രഹം

ജലവിഭവ വകുപ്പ് – ജീവനക്കാര്യം – ജലസേചന വകുപ്പിൽ എസ്.എൽ.ആർ വിഭാഗത്തിൽ ജോലി ചെയ്യുവരുന്ന 290 ജീവനക്കാരെ 290 വർക്കർ ഗ്രേഡ് II തസ്തിക സൂപ്പർന്യൂമററിയായി സൃഷ്ടിച്ച് പ്രസ്തുത തസ്തികകളിൽ സ്ഥിരപ്പെടുത്തി ഉത്തരവ് പുറപ്പെടുവിക്കുന്നു.

ജലവിഭവ (എ) വകുപ്പ്

സ.ഉ.(എം.എസ്) നം.45/2014/ജ.വി.വ തീയതി, തിരുവനന്തപുരം, 09.06.2014.

പരാമർശം :- 1) 27.12.2011-ലെ സ.ഉ.(കൈ)നം.79/11/പൊ.മ.വ.
2) 15.06.2012-ലെ സ.ഉ.(സാധാ)നം.724/2012/ജ.വി.വ
3) ബഹു. കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണലിന്റെ O.A.972/2012 -ൻമേലുള്ള 17.07.2012-ലെ ഉത്തരവ്.
4) ബഹു. കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണലിന്റെ O.A.1026/2012 - ൻമേലുള്ള 07.08.2012-ലെ ഉത്തരവ്.
5) ചീഫ് എഞ്ചിനീയർ (ഐ&എ), യുടെ 01.01.2013, 01.03.2013, 04.04.2013, 22.04.2013,18.05.2013, 01.07.2013, 24.07.2013, 29.07.2013 തീയതികളിലെ സി5-15799/2012 നമ്പർ കത്തുകൾ.
6) ചീഫ് എഞ്ചിനീയർ (പര്യവേഷണവും രൂപകൽപനയും) -ടെ 27.02.2013-ലെ IDRB-E5-2374/12 നമ്പർ കത്ത്.
7) കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ സെക്രട്ടറിയുടെ 02.12.2013, 28.02.2014, 01.04.2014 തീയതികളിലെ AV(1)9933/2013/GW നമ്പർ കത്തുകൾ.

ഉത്തരവ്

പൊതുമരാമത്ത് വകുപ്പിൽ എസ്.എൽ.ആർ. ജോലി ചെയ്തിരുന്ന 137 ജീവനക്കാരെ ചില വ്യവസ്ഥകൾക്ക് വിധേയമായി, കേരള പബ്ലിക് സർവ്വീസ് കമ്മീഷന്റെ ഉപദേശം തേടിയശേഷം, ബഹു. ഹൈക്കോടതിയുടെ ഡബ്ല്യു.പി(സി) 36015/2010 എന്ന കേസിൻമേലുള്ള 19/10/2011 ലെ വിധിന്യായത്തിന്റെ അടിസ്ഥാനത്തിൽ പരാമർശം (1)-ലെ ഉത്തരവു പ്രകാരം പൊതുമരാമത്ത് വകുപ്പിൽ വർക്കർ തസ്തികയിൽ സ്ഥിരപ്പെടുത്തുകയുണ്ടായി. ഒരേ കാലയളവിൽ ഒരേ ലിസ്റ്റിൽ നിന്നും നിയമനം നേടിയവരാണ് ജലസേചന വകുപ്പിലെയും പൊതുമരാമത്ത് വകുപ്പിലെയും എസ്.എൽ.ആർ. ജീവനക്കാരെന്നും ആയതിനാൽ പൊതുമരാമത്ത് വകുപ്പിലെ എസ്.എൽ.ആർ. ജീവനക്കാരെ സ്ഥിരപ്പെടുത്തിയതുപോലെ തങ്ങളെയും സ്ഥിരപ്പെടുത്തണമെന്ന് ജലസേചന വകുപ്പിലെ എസ്.എൽ.ആർ. ജീവനക്കാർ ചിരകാലമായി ആവശ്യപ്പെട്ടു വന്നിരുന്നു.

163/

(2) മേൽ ആവശ്യത്തിൻമേൽ ഉത്തരവിന് അപേക്ഷിച്ചുകൊണ്ട് ജലസേചന വകുപ്പിലെ ചില എസ്.എൽ.ആർ. ജീവനക്കാർ ബഹു. കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണൽ മുമ്പാകെ കേസ് ഫയൽ ചെയ്യുകയും, തുടർന്ന് ചീഫ് എഞ്ചിനീയർ ലഭ്യമാക്കിയ, എസ്.എൽ.ആർ ജീവനക്കാരെ സ്ഥിരപ്പെടുത്തുന്ന പ്രൊപ്പോസലിന്മേൽ 4 മാസത്തിനകം തീരുമാനം കൈക്കൊള്ളണമെന്ന് ബഹു. കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണൽ പരാമർശം (3),(4) പ്രകാരം ഉത്തരവാകുകയും ചെയ്തു.

(3) ജലസേചന വകുപ്പിലെ HR/CLR/SLR ജീവനക്കാരുടെ ലിസ്റ്റ് തയ്യാറാക്കുന്നതിന് IDRB ചീഫ് എഞ്ചിനീയർ അദ്ധ്യക്ഷനായ മൂന്നംഗ കമ്മിറ്റിയെ പരാമർശം (2) പ്രകാരം സർക്കാർ നിയമിക്കുകയുണ്ടായി. ടി കമ്മിറ്റി തെളിവെടുപ്പ് നടത്തി പരാമർശം (6) പ്രകാരം എസ്.എൽ.ആർ ജീവനക്കാരുടെ ലിസ്റ്റ് സർക്കാരിൽ ലഭ്യമാക്കുകയുണ്ടായി. ടി ലിസ്റ്റിൽ ഉൾപ്പെട്ട എസ്.എൽ.ആർ ജീവനക്കാരെ സ്ഥിരപ്പെടുത്തുന്നതിനായി പൊതുമരാമത്ത് വകുപ്പിൽ നിന്നും പുറപ്പെടുവിച്ച പരാമർശം (1)ലെ സർക്കാർ ഉത്തരവിലെ മാനദണ്ഡങ്ങൾ തന്നെ ജലസേചന വകുപ്പിലെ എസ്.എൽ.ആർ ജീവനക്കാരെയും സ്ഥിരപ്പെടുത്തുന്നതിനായി സ്വീകരിക്കുകയുണ്ടായി. പ്രസ്തുത മാനദണ്ഡങ്ങൾ ചുവടെ ചേർക്കുന്നു.

1) 01.01.2011 ന് മുൻപ് 10 വർഷം സർവ്വീസ് പൂർത്തിയാക്കിയിരിക്കണം
2) 55 വയസ് പൂർത്തിയാകാത്തവരും അഥവാ പെൻഷൻ തീയതി ഏകീകരണം വഴി 31.03.2011 വരെ റഗുലറൈസ് ചെയ്യുമ്പോൾ സർവ്വീസിൽ തുടരാൻ അർഹതയുള്ളവരായിരിക്കണം
3) 500 ദിവസം പൂർത്തിയാക്കിയിരിക്കണം
4) 04.07.1983 നോ അതിനു ശേഷമോ സർവ്വീസിലുള്ളവരായിരിക്കണം

(4) മേൽപ്പറഞ്ഞ മാനദണ്ഡങ്ങൾക്കനുസൃതമായി, ജലസേചന വകുപ്പിൽ സ്ഥിര നിയമനത്തിന് അർഹരായ 290 എസ്.എൽ.ആർ. ജീവനക്കാരുടെ ലിസ്റ്റ് തയ്യാറാക്കി ചീഫ് എഞ്ചിനീയർ (ഐ&എ) പരാമർശം (5) പ്രകാരം സർക്കാരിൽ സമർപ്പിച്ചു. ജലസേചന വകുപ്പിൽ എസ്.എൽ.ആർ ജീവനക്കാരെ സ്ഥിരപ്പെടുത്തുന്നതിനായി സ്പെഷ്യൽ റൂൾ നിലവിലില്ല. ഇവിടെ വർക്കർ ഗ്രേഡ് II തസ്തിക സൃഷ്ടിക്കപ്പെട്ടത് 17.09.1985 - ലെ

സ.ഉ.(അ)നം.106/85/പി.ഡബ്ല്യൂ&റ്റി നമ്പർ സർക്കാർ ഉത്തരവ് പ്രകാരമാണ്. ടി തസ്തികയിൽ പബ്ലിക് സർവ്വീസ് കമ്മീഷൻവഴി നിയമനം നടത്തുന്നില്ലെന്നും SLR ജീവനക്കാരെ വർക്കർ ഗ്രേഡ് II ആയി സ്ഥിരപ്പെടുത്തുമ്പോൾ അവരെ ഉൾക്കൊള്ളുന്നതിന് അത്രയും തന്നെ, വർക്കർ ഗ്രേഡ് II തസ്തിക സൂപ്പർന്യൂമററിയായി സൃഷ്ടിക്കേണ്ടതുണ്ടെന്നും ചീഫ് എഞ്ചിനീയർ (ഐ&എ) പരാമർശം (5) പ്രകാരം റിപ്പോർട്ട് ചെയ്യുകയുണ്ടായി.

(5) ജലസേചന വകുപ്പിൽ 290 SLR ജീവനക്കാരെ സ്ഥിരപ്പെടുത്തുന്നതിന് കേരള പബ്ലിക് സർവ്വീസ് കമ്മീഷന്റെ ഉപദേശം തേടിയപ്പോൾ സർക്കാർ നിർദ്ദേശത്തോട് വിയോജിക്കുവാൻ കമ്മീഷൻ യോഗം തീരുമാനിച്ചതായി പരാമർശം (7)ലെ കത്തുകൾ മുഖേന കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ സെക്രട്ടറി അറിയിച്ചു.

(6) സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. സർക്കാർ നിശ്ചയിച്ച മാനദണ്ഡങ്ങൾക്കനുസരിച്ച്, ചീഫ് എഞ്ചിനീയർ (ഐ&എ) തയ്യാറാക്കി സമർപ്പിച്ച ലിസ്റ്റിൽ ഉൾപ്പെട്ടിട്ടുള്ള, സ്ഥിരപ്പെടുത്താൻ അർഹരായ, ഈ ഉത്തരവിന്റെ അനുബന്ധത്തിൽ ഉൾപ്പെടുത്തിയിട്ടുള്ള, ജലസേചന വകുപ്പിലെ 290 എസ്.എൽ.ആർ. ജീവനക്കാരെ, Kerala Financial Code Vol. I-ലെ ആർട്ടിക്കിൾ 69 ലെ വ്യവസ്ഥകൾക്ക് വിധേയമായി, ജലസേചന വകുപ്പിൽ 290 വർക്കർ ഗ്രേഡ് - II തസ്തികകൾ സൂപ്പർ ന്യൂമററിയായി സൃഷ്ടിച്ച്, ഇക്കാര്യത്തിൽ കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ നൽകിയിട്ടുള്ള ഉപദേശം നിലവിലെ സാഹചര്യത്തിൽ അസ്വീകാര്യമായതിനാൽ ആയതു നിരസിച്ചുകൊണ്ട്, ചുവടെ ചേർക്കുന്ന വ്യവസ്ഥകൾക്ക് വിധേയമായി പ്രസ്തുത വർക്കർ ഗ്രേഡ് - II തസ്തികകളിൽ സ്ഥിരപ്പെടുത്തിക്കൊണ്ട് ഇതിനാൽ ഉത്തരവാകുന്നു:

(i) സ്ഥിരപ്പെടുത്തുന്ന വർക്കർമാരുടെ ശമ്പള സ്കെയിൽ നിലവിലെ അൺസ്കിൽഡ് വർക്കേഴ്സിന് അനുവദിച്ചിട്ടുള്ള 4510-6230 രൂപ (Pre-revised) ആയിരിക്കും.

(ii) ഇതിന് 01/01/2011 മുതൽ പ്രാബല്യം ഉണ്ടായിരിക്കുന്നതാണ്.

(iii) 17.09.1985 ലെ സ.ഉ (അച്ചടി) നം.106/85/പി.ഡബ്ല്യൂ&റ്റി., 20.01.1990 ലെ

സ.ഉ (അച്ചടി) നം.6/90/പി.ഡബ്ല്യൂ&റ്റി. എന്നീ റഗുലറൈസേഷൻ ഉത്തരവുകളിലേയും അപ്രകാരം റഗുലറൈസ് ചെയ്യപ്പെട്ടവരുടെ സേവന വേതനപെൻഷൻ വ്യവസ്ഥകൾ സംബന്ധിച്ച് പുറപ്പെടുവിച്ചിട്ടുള്ള ഇതര സർക്കാർ ഉത്തരവുകളിലെയും ഈ വിഷയവുമായി ബന്ധപ്പെട്ട എല്ലാ വ്യവസ്ഥകളും ഈ റഗുലറൈസേഷനും ബാധകമായിരിക്കുന്നതാണ്.

(iv) ഇനിമേൽ ഇത്തരം വർക്കേഴ്സിനെ നിയമിക്കുന്നതല്ല. ജലസേചന വകുപ്പിൽ കാഷ്വൽ ലേബേഴ്സിനെ ആവശ്യമുള്ള പക്ഷം താല്ക്കാലികാടിസ്ഥാനത്തിൽ സർക്കാരിന്റെ മുൻകൂർ അനുമതിയോടെ എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖേന നിയമിക്കേണ്ടതാണ്.

(v) ഈ ഉത്തരവ് ഇതു സംബന്ധിച്ച് നിലവിലുള്ള കോടതി കേസ്സുകളിലെ അന്തിമ വിധിന്യായത്തിന് വിധേയമായിരിക്കും.

(7) മേല്പറഞ്ഞ പ്രകാരം വർക്കർ ഗ്രേഡ് II തസ്തികയിൽ സ്ഥിരപ്പെടുത്തിയിട്ടുള്ള ജീവനക്കാർക്ക് നിലവിലുള്ള എല്ലാ ചട്ടങ്ങൾക്കും, ഈ വിഷയത്തിൽ സർക്കാർ കാലാകാലങ്ങളിൽ പുറപ്പെടുവിച്ചിട്ടുള്ള എല്ലാ നിർദ്ദേശങ്ങൾക്കും അനുസൃതമായി നിയമനാധികാരി/ചീഫ് എഞ്ചിനീയർ (ഐ&എ) ആവശ്യമായ നിയമന ഉത്തരവുകൾ ഉടൻതന്നെ നല്കേണ്ടതാണ്.

(8) ഈ ഉത്തരവിന്റെ അനുബന്ധത്തിൽ ക്രമ നമ്പർ 270 മുതൽ 290 വരെ ഉൾപ്പെടുത്തിയിട്ടുള്ളതും, ലിസ്റ്റ് പരിശോധനാ കമ്മിറ്റിക്ക് മുമ്പാകെ ഹാജരാകാത്തവരുമായ 21 പേർക്ക്, അവർ അർഹത തെളിയിക്കുന്നതിനുള്ള എല്ലാ പ്രമാണങ്ങളും നിയമനാധികാരി മുമ്പാകെ ഹാജരാക്കി, നിയമനാധികാരിക്ക് അവരുടെ അർഹത സംബന്ധിച്ച് ബോധ്യം വന്നതിനുശേഷം മാത്രം, നിയമനാധികാരി അവർക്ക് ആവശ്യമായ നിയമന ഉത്തരവുകൾ നല്കേണ്ടതാണ്.

(9) നിയമന ഉത്തരവുകൾ നൽകുന്നതിനു മുമ്പ് നിയമനാധികാരി/ചീഫ് എഞ്ചിനീയർ (ഐ&എ) അനുബന്ധത്തിലെ ലിസ്റ്റിൽ ഉൾപ്പെട്ടിട്ടുള്ള ഓരോരുത്തരുടേയും വയസ്സ്, യോഗ്യത, അർഹത, മറ്റ് വിശദാംശങ്ങൾ തുടങ്ങിയവ ബന്ധപ്പെട്ട പ്രമാണങ്ങൾ പരിശോധിച്ച് ഒരിക്കൽ കൂടി ബോധ്യപ്പെടേണ്ടതാണ്. ഇപ്രകാരം നടത്തുന്ന വകുപ്പുതല പരിശോധനയിൽ, അനുബന്ധത്തിൽ ഉൾപ്പെട്ടിട്ടുള്ള ഏതെങ്കിലും വ്യക്തിയുടെ വിവരങ്ങൾ തെറ്റാണെന്ന് ബോധ്യപ്പെട്ടാൽ അവരുടെ നിയമനം റദ്ദാക്കുന്നതാണ്.

(10) ബഹു. കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണലിന്റെ മേൽ 3, 4 പരാമർശങ്ങളിലെ ഉത്തരവുകൾ മേല്പറഞ്ഞ പ്രകാരം ഇതിനാൽ നടപ്പിലാക്കിയിരിക്കുന്നു.

(ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം)

വി.ജെ. കുര്യൻ
അഡീഷണൽ ചീഫ് സെക്രട്ടറി

(1) ചീഫ് എഞ്ചിനീയർ (ഐ&എ) തിരുവനന്തപുരം
(2) വ്യക്തികൾക്ക് [ചീഫ് എഞ്ചിനീയർ (ഐ&എ), തിരുവനന്തപുരം മുഖേന.]
(3) ചീഫ് എഞ്ചിനീയർ (പര്യവേഷണവും രൂപകല്പനയും) തിരുവനന്തപുരം
(4) പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ്), കേരള, തിരുവനന്തപുരം
(5) അക്കൗണ്ടന്റ് ജനറൽ (എ&ഇ), കേരള, തിരുവനന്തപുരം / തൃശ്ശൂർ.
(6) അഡ്വക്കേറ്റ് ജനറൽ , കേരള,തിരുവനന്തപുരം ബ്രാഞ്ച്, വഞ്ചിയൂർ, തിരുവനന്തപുരം( ആമുഖ കത്തു മുഖേന)
(7) സെക്രട്ടറി, കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ ,പട്ടം, തിരുവനന്തപുരം (ആമുഖ കത്തു മുഖേന)
(8) പൊതുഭരണ (എസ്.സി) വകുപ്പ് (04.06.2014-ലെ ഇനം നമ്പർ 5303 (പ്രകാരം)
(9) ധനകാര്യ വകുപ്പ് (24.08.2013-ലെ 71759/Ind&PWB3/13/Fin അഭിപ്രായക്കുറിപ്പ് പ്രകാരം)
(10) ഉദ്യോഗസ്ഥ ഭരണ പരിഷ്കാര വകുപ്പ്(22.07.2013-ലെ 14129/ഉപ.സി4/13/ഉ.ഭ.പ.വ അഭിപ്രായക്കുറിപ്പ് പ്രകാരം)
(11) പബ്ലിക് റിലേഷൻസ് വകുപ്പ് (പബ്ലിസിറ്റിക്കും ഗവൺമെന്റ് വെബ്സൈറ്റിൽ പ്രസിദ്ധീകരണത്തിനുമായി.)
(12) പൊതുമരാമത്ത് വകുപ്പ്

പകർപ്പ്:

(1) ബഹു. മുഖ്യമന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിക്ക്
(2) ബഹു. ജലവിഭവ വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിക്ക്
(3) ജലവിഭവ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറിയുടെ പി.എ ക്ക്
(4) ഫയൽ നമ്പർ15066/എ 2/12/ജ.വി.വ.
(5) ഫയൽ നമ്പർ15067/എ 2/12/ജ.വി.വ.
(6) കരുതൽ ഫയൽ/ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ

സെക്ഷൻ ഓഫീസർ